ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സഭാനേതാവ് ഇവിടെ അഭിപ്രായം പറയുകയുണ്ടായി. പത്തുദിവസത്തിനകം എടുക്കുക എന്നല്ലാതെ അന്നുതന്നെ എടുക്കണമെന്ന് നിർബന്ധിക്കാൻ കഴിയുകയില്ല എന്നുള്ളത് വളരെ ക്ലിയറായിട്ടുള്ള കാര്യമാണ്. ഇതുസംബന്ധിച്ച ചർച്ച വരുന്ന 30-ാം തീയതി ആരംഭിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സഭയെ അറിയിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

(1) മയ്യനാട്ടും പരിസരപ്രദേശങ്ങളിലും നടന്നിട്ടുള്ള കൊലപാതകങ്ങൾ

ശ്രീ. ആർ. എസ്. ഉണ്ണി: സർ, എന്റെ നിയോജകമണ്ഡലത്തിൽ പൊതുവിലും മയ്യനാട് പ്രദേശത്ത് പ്രത്യേകമായും കഴിഞ്ഞ മൂന്നു നാല് വർഷമായി ധാരാളം കൊലപാതകങ്ങൾ നടക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ കുണ്ടറ എന്ന പ്രദേശത്ത് മൂന്നുനാലു വർഷം മുമ്പ് റെയിൽവേ പാളത്തിൽ ഒരു കൊലപാതകം നടന്നു. കൊറങ്കര എന്നുപറയുന്ന സ്ഥലത്ത് റഷീദ് എന്നുപറയുന്ന ഒരു ചെറുപ്പക്കാരനും കൊലചെയ്യപ്പെട്ടു. ഏരൂർ എന്ന സ്ഥലത്ത് ഈ അടുത്തകാലത്ത് ഒരു വീട് തീവച്ചതിൽ രണ്ടുമൂന്നുകുട്ടികൾ കൊല ചെയ്യപ്പെട്ടു. ചെറിയേല എന്ന സ്ഥലത്ത് ഒരു വർഷത്തിനുമുമ്പ് ഒരാൾ കൊല്ലപ്പെട്ടു. മയ്യനാട്ടും പരിസരപ്രദേശങ്ങളിലും, അത് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പാണ്; മാധവ്ജി എന്നുപറയുന്ന ഒരു സന്യാസിയെ അദ്ദേഹത്തെ ആശ്രമത്തിനകത്തു കയറി കൊലചെയ്തു. മയ്യനാട് താന്നി കടത്തുകടവിൽ കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് മണി എന്നുപറയുന്ന ഒരാളെ കൊന്ന് കായലിലെ ചേറിനകത്ത് ചവിട്ടിത്താഴ്ത്തിവച്ചിരുന്നു. മയ്യനാട് റെയിൽവേ സ്റ്റേഷൻ പരിസരത്ത് രാമചന്ദ്രൻ എന്ന ഒരാൾ കൊലചെയ്യപ്പെടുകയുണ്ടായി. ഈ അടുത്ത ദിവസങ്ങളിൽ, ഏതാനും നാളുകളേ ആയിട്ടുള്ളു, മയ്യനാട് ജംഗ്ഷനു സമീപം രാമചന്ദ്രവിലാസം എന്നു പറയുന്ന ഒരു വീട്ടിൽ സാവിത്രി എന്ന മദ്ധ്യവയസ്കയായ ഒരു സ്ത്രീയെ അവരുടെ വീട് തല്ലിപ്പൊളിച്ച് അകത്തുകയറി കൊന്നു. ഇതൊന്നും തെളിയിക്കപ്പെട്ടിട്ടില്ല. ഇതിനെപ്പറ്റിയൊക്കെ നിവേദനങ്ങൾ നടത്തിയിട്ടുണ്ട്; പരാതികൾ ഉണ്ടായിട്ടുണ്ട്; ബഹുജനങ്ങളുടെ ഈ കാര്യത്തിലുള്ള ഉൽക്കണ്ഠയുമൊക്കെ അവർ പ്രകടിപ്പിച്ചിട്ടുണ്ട്. ഈ സഭയിൽ തന്നെ ഇതിൽ പല കാര്യങ്ങളും ഞാൻ തന്നെ ഉന്നയിച്ചിട്ടുള്ളതാണ്. ഇതിൽ ജനങ്ങൾ മനസ്സിലാക്കുന്നത്, കേസ്സുകളൊക്കെ അന്വേഷിച്ച് ഒരു പരിധിയെത്തുമ്പോൾ ഇതിനകത്ത് രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകും എന്നാണ്. അന്വേഷണ ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ച് പ്രതികളെ സഹായിക്കാനുള്ള ശ്രമങ്ങൾ രാഷ്ട്രീയമായിട്ട് ഉണ്ടാവുക, മറ്റ് രീതിയിൽ ഉണ്ടാവുക. അതിന്റെ ഫലമായിട്ട് ഇതൊക്കെ തേഞ്ഞുമാഞ്ഞുപോവുകയും അന്വേഷണം അവതാളത്തിലാവുകയും പോലീസിന്റെ ഭാഗത്തുനിന്ന് അനാസ്ഥ ഉണ്ടാവുകയും ചെയ്തതിന്റെ ഫലമായിട്ടാണ് പ്രതികളെ പിടിക്കാത്തത്. മയ്യനാട് എന്നുപറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശം പൊതുവെ സംസ്കാരസമ്പന്നരും സമാധാനശീലരുമായ ആളുകൾ താമസിക്കുന്ന ഒരു പ്രദേശമാണ്. ഇന്ന് സർവ്വത്ര ഉത്കണ്ഠയാണ്. ജീവനും സ്വത്തിനും യാതൊരു സംരക്ഷണവും ഇല്ല എന്ന ഭീതി ആ പ്രദേശത്തുണ്ട്. അതുകൊണ്ട് ഈ കുറ്റ കൃത്യങ്ങൾ തെളിയിക്കുന്നതിനും ജനങ്ങളുടെ ഭീതി അകറ്റുന്നതിനും ഗവൺമെൻറ് സത്വരനടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇരവിപുരം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി, 1980-86 വരെയുള്ള കാലഘട്ടങ്ങളിൽ 11 കൊലപാതകങ്ങളും, 4 സംശയാസ്പദമായ മരണങ്ങളുമാണ് സംഭവിച്ചിട്ടുള്ളത്. ഇതിൽ പത്തു കേസ്സുകളിൽ പ്രതികളെ അറസ്റ്റുചെയ്തു, കോടതിനടപടിയായി, അഞ്ച് കേസിൽ പ്രതികളെ ശിക്ഷിച്ചു. കൊലപാതകം വർദ്ധിച്ചുവരുന്നു എന്നുള്ള നിഗമനം ശരിയല്ല. കാരണം ഈ കഴിഞ്ഞ ഏപ്രിൽ മാസത്തിനുശേഷം കൊലപാതകം ഉണ്ടായിട്ടില്ല. ഓരോ വർഷത്തേയും കണക്ക് എടുത്താൽ തന്നെ 1981-ൽ രണ്ടും, 1982-ൽ മൂന്നും, 1983-ൽ രണ്ടും, 1984-ൽ മൂന്നും, 1985-ൽ ഒന്നുമില്ല, 1986-ൽ ഒന്നും ഇങ്ങനെയാണ് കൊലപാതകങ്ങളുടെ കണക്ക്. ഇതിൽ റഷീദിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചത്, അതിനെക്കുറിച്ച് ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേറ്റ് ചെയ്തു, പോസ്റ്റ്മോർട്ടം റിപ്പോർട്ടും തെളിവും എല്ലാം വച്ച് അത് ആത്മഹത്യയായിട്ടാണ് നിഗമനത്തിൽ എത്തിയിട്ടുള്ളത്. അതുപോലെ മറ്റ് കേസ്സുകളെ സംബന്ധിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചുവന്നിട്ടുണ്ട്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഉത്കണ്ഠ, 1979-ലെ സ്വാമിയുടെ കേസിലാണെങ്കിൽ ഒരു തെളിവും കിട്ടിയിട്ടില്ല എന്നുള്ളത് ശരിയാണ്. അത് വർഷങ്ങളായി ഉള്ള ഒരു അന്വേഷണമാണ്. എങ്കിലും താരതമ്യപ്പെടുത്തുമ്പോൾ ആ പ്രദേശത്ത് കൊലപാതകങ്ങളും മറ്റും വർദ്ധിക്കുന്നില്ല. ഈ നാല് സസ്പീഷിയസ് ആയിട്ടുള്ള കേസ്സുകളെക്കുറിച്ച് വേണ്ട അന്വേഷണം നടത്തുന്നുണ്ട്. ഒരു റിപ്പോർട്ട് കഴിഞ്ഞയാഴ്ച കിട്ടി. ആ റിപ്പോർട്ട്തന്നെ സംശയം ഉൾക്കൊള്ളുന്നതായതുകൊണ്ട് ക്രൈംബ്രാഞ്ചിനെത്തന്നെ ഏല്പിക്കുകയാണ് ചെയ്തത്. ലാസ്റ്റ് ആയിട്ട് സൂചിപ്പിച്ച കേസ്സ്. ഈ കാര്യത്തിൽ ഗവൺമെൻറ് വളരെയധികം ശ്രദ്ധിക്കുന്നുണ്ട്. കൊലപാതകങ്ങളുടെ എണ്ണം കുറച്ചുകൊണ്ടുവരാൻവേണ്ടിയും ഉത്കണ്ഠയുണ്ടെങ്കിൽ അത് പരിഹരിക്കാനും ആവശ്യമായ എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, മയ്യനാട് ഏറ്റവും ഒടുവിലായിട്ട് നടന്ന 'രാമചന്ദ്രവിലാസത്തിലെ സാവിത്രി എന്നുപറയുന്ന സ്ത്രീയുടെ കൊലക്കേസ്, ആ കേസ്സ് ക്രൈംബ്രാഞ്ചിന് വിടുന്നു എന്ന് രേഖാമൂലം ഹോം ഡിപ്പാർട്ടുമെൻറിൽനിന്ന് എനിക്ക് കത്തുകിട്ടിയിട്ട് മാസങ്ങൾ പലതായി. ഇതുവരെ അത് ക്രൈംബ്രാഞ്ചിന് വിടാത്തതിന്റെ കാരണമെന്താണെന്ന് പറയാൻ കഴിയുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ലോക്കൽ പോലീസിന്റെ ഇൻവെസ്റ്റിഗേഷൻ പ്രോഗ്രസ് ചെയ്തത് ഏതാണ്ട് ചില നിഗമനത്തിലൊക്കെ എത്താൻ പോകുന്നതായിട്ട് റിപ്പോർട്ട് കിട്ടി. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മരണം സംശയാസ്പദമാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

കാണാവുന്ന ചില കാര്യങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ട് ലോക്കൽ പോലീസിന്റെ ഇൻവെസ്റ്റിഗേഷൻ പോരായെന്നുകണ്ട് ഇപ്പോൾ തന്നെ അത് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(2) ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളുടെ ഷെഡ്യൂളുകൾ നിറുത്തലാക്കുന്നതുമൂലം യാത്രക്കാർ അനുഭവിക്കുന്നതായ ബുദ്ധിമുട്ടുകൾ

ശ്രീ. റ്റി. എസ്. ജോൺ: സർ, നമ്മുടെ സംസ്ഥാനത്തെ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ബസ്സുകൾ നിലവിലുള്ളതിന്റെ പകുതി പോലും ഓടിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ യാത്രക്കാരും വിദ്യാർത്ഥികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റ് ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഞാനാഗ്രഹിക്കുകയാണ്. ഇന്ന് കോളേജുകളിൽ ഷിഫ്റ്റ് സിസ്റ്റം അവസാനിപ്പിച്ചു. അതോടെ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം രാവിലെയും വൈകുന്നേരവും ഇരട്ടിയാകുന്ന സ്ഥിതിയുണ്ടായി. അപ്പോൾ ഒരു വർഷം കുറഞ്ഞത് 15%-ഓളം യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നു. അതിന്റെ കൂടെയാണ് വിദ്യാർത്ഥികളുടെ ബാഹുല്യം. അതേയവസരത്തിൽ ബസ്സുകളുടെ എണ്ണം കുറഞ്ഞുവരുന്ന ഒരു സ്ഥിതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇത്രമാത്രം യാത്രാക്ലേശം അനുഭവിക്കുന്ന ഒരു കാലഘട്ടം നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. കോർപ്പറേഷന് 1985-ൽ മൊത്തം 3266 ബസ്സുകൾ ഉണ്ടായിരുന്നു എങ്കിൽ ഈ വർഷം അത് 3059 ആയി കുറഞ്ഞു. ബസ്സുകളുടെ എണ്ണം കുറഞ്ഞ് 207 ബസ്സുകളാണ് കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം കുറഞ്ഞത്. മൊത്തം ഇപ്പോൾ നിലവിലുള്ള ഷെഡ്യൂളുകൾ 3105 ആണ്, ഇവ ഓടിക്കുന്നതിന് സർക്കാരിന്റെ കണക്കനുസരിച്ച് ആവശ്യമുള്ള ബസ്സുകൾ 3633 ആണ്. ഇപ്പോൾ നിലവിലുള്ള ഷെഡ്യൂളുകൾ ഓടിക്കുന്നതിന് 574 ബസ്സുകളുടെ കുറവുണ്ട്. ഇതിൽതന്നെ 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 736 ബസ്സുകൾ ഉണ്ട്, റിപ്പയറിന് പോയിട്ടുള്ളത് 887 ബസ്സുകൾ ഉണ്ടെന്നോണ് കണക്കുതന്നിട്ടുള്ളത്. അതായത് പഴയ 736 ബസ്സുകൾ ഉൾപ്പെടെ ഓടുന്ന ബസ്സുകൾ എന്നുപറയുന്നത് 2172 എണ്ണം മാത്രമാണ്. അങ്ങനെ 2172 ബസ്സുകൾ ഓടിച്ചാൽ 1858 ഷെഡ്യൂളുകൾ മാത്രമേ ഓടിക്കാൻ കഴിയുകയുള്ളൂ. അപ്പോൾ 3105 ഷെഡ്യൂളുകളിൽ 1858 ഷെഡ്യൂളുകൾ മാത്രമേ നിലവിലുള്ള, ബസ്സുകൾ എല്ലാ സമയത്തും ഓടിച്ചാലും കഴിയുകയുള്ളൂ. അതായത് എല്ലാ ബസ്സുകളും ഓടിച്ചാലും 59% ഷെഡ്യൂളുകൾ മാത്രമേ ഓടിക്കാൻ കഴിയുകയുള്ളൂ. നമുക്ക് അറിയാം, ധാരാളം ബസ്സുകൾ കട്ടപ്പുറത്തിരിപ്പുണ്ട്. ടയറുകൾ ഇല്ലാതെയും, സ്പെയർ പാർട്ടുകൾ ഇല്ലാത്തതുകൊണ്ടും മറ്റു കാരണങ്ങൾ കൊണ്ടും കട്ടപ്പുറത്തിരിപ്പുണ്ട്. തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ കൊണ്ടും കട്ടപ്പുറത്തിരിപ്പുണ്ട്. ചുരുക്കിപറഞ്ഞാൽ 50% ത്തോളം ഷെഡ്യൂളുകൾപോലും ഇപ്പോൾ കെ.എസ്.ആർ.ടി.സി. ക്ക് ഓടിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് നിൽക്കുന്നത് എന്ന വസ്തുത ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതേ സമയം ഗവൺമെന്റ് തന്ന മറുപടി 25% മാത്രമേ ക്യാൻസലേഷൻ ഉണ്ടായിട്ടുള്ളൂ എന്നാണ്. യഥാർത്ഥത്തിൽ 50% ഓളം ക്യാൻസലേഷൻ ഇന്ന് നടക്കുന്നുള്ളൂ എന്നു

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly